# ഖുർആൻ ബോധനം



എ.വൈ.ആർ

ജീവിത പ്രയാസങ്ങൾ അസഹ്യമായി തോന്നുമ്പോൾ ചിലർ ആത്മഹത്യ ചെയ്യാറുണ്ടല്ലോ. വാസ്തവത്തിൽ ദുരിതങ്ങളെ തോൽപിച്ച് സൗഖ്യം നേടാനുള്ള അവസരം പാഴാക്കുകയും ദുരിതങ്ങളെ ശാശ്വതീകരിക്കുകയും ചെയ്യുക എന്ന മഹാ മൂഢതയാണവർ ചെയ്യുന്നത്. ആത്മഹത്യ ചെയ്യുന്നവർ ജീവിതത്തിൽ നിന്ന് ഒളിച്ചോടുന്ന ഭീരുക്കളാകുന്നു എന്നതു മാത്രമല്ല പ്രശ്നം. മരണത്തോടെ എല്ലാം അവസാനിക്കുന്നു എന്ന തെറ്റിദ്ധാരണയാണവരെ നയിക്കുന്നത്. മരണത്തോടെ ഭൗതിക ജീവിതം മാത്രമേ അവസാനിക്കുന്നുള്ളൂ. ആത്മീയ ജീവിതം അനന്തമായി തുടരുന്നു.

## സൂറ-20

# താഹാ

**ആയത്ത് 74 മുതൽ 77 വരെ**

إِنَّهُۥ مَن يَأْتِ رَبَّهُۥ مُجْرِمًا فَإِنَّ لَهُۥ جَهَنَّمَ لَا يَمُوتُ فِيهَا وَلَا يَحْيَىٰ
﴿٧٤﴾

وَمَن يَأْتِهِۦ مُؤْمِنًا قَدْ عَمِلَ ٱلصَّٰلِحَٰتِ فَأُو۟لَٰٓئِكَ لَهُمُ
ٱلدَّرَجَٰتُ ٱلْعُلَىٰ ﴿٧٥﴾

جَنَّٰتُ عَدْنٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَا ۚ وَذَٰلِكَ جَزَآءُ مَن
تَزَكَّىٰ ﴿٧٦﴾

وَلَقَدْ أَوْحَيْنَآ إِلَىٰ مُوسَىٰٓ أَنْ أَسْرِ بِعِبَادِى فَٱضْرِبْ لَهُمْ طَرِيقًا فِى ٱلْبَحْرِ
يَبَسًا لَّا تَخَٰفُ دَرَكًا وَلَا تَخْشَىٰ ﴿٧٧﴾

**74.** കുറ്റവാളിയായിക്കൊണ്ട് വിധാതാവിങ്കലെത്തുന്നവന്നുള്ളത് തീർച്ചയായും നരകമാകുന്നു. അതിലവർ മരിക്കുകയില്ല. ജീവിക്കുകയുമില്ല.

**75.** സത്യവിശ്വാസിയായി സൽകർമങ്ങളാചരിച്ചുകൊണ്ട് വിധാതാവിങ്കലെത്തുന്നവനോ, അത്തരക്കാർക്കുള്ളത് അത്യുന്നത തലങ്ങളാകുന്നു.

**76.** നിത്യമായ ആരാമങ്ങൾ. അവയ്ക്കു കീഴെ ആറുകളൊഴുകിക്കൊണ്ടിരിക്കും. സജ്ജനങ്ങൾ അവിടെ സ്ഥിരമായി വസിക്കുന്നു. അതത്രെ സംസ്കരണം കൈകൊണ്ടവർക്കുള്ള കർമഫലം.

**77.** മൂസാക്കു നാം ദിവ്യസന്ദേശമയച്ചു: എന്റെ ദാസന്മാരെയും കൂട്ടി രായ്ക്കുരാമാനം പുറപ്പെട്ടുകൊള്ളുക. അവർക്കായി സമുദ്രത്തിൽ വരണ്ട വഴിയുണ്ടാക്കണം. നിങ്ങളുടെ പലായനം ആരെങ്കിലും കണ്ടെത്തുമെന്ന് ഭയപ്പെടേണ്ട. സമുദ്രത്തിൽ മുങ്ങിപ്പോകുമെന്ന ഭീതിയും വേണ്ട.

إِنَّهُۥ = കാര്യമെന്തെന്നാൽ; مَن يَأْتِ رَبَّهُۥ = തന്റെ വിധാതാവിങ്കൽ വരു(എത്തു)ന്നവൻ; مُجْرِمًا = കുറ്റവാളിയായിക്കൊണ്ട്

فَإِنَّ لَهُۥ = അപ്പോൾ അവന്നുണ്ട് (ഉള്ളത്); جَهَنَّمَ = നരകമാകുന്നു; لَا يَمُوتُ فِيهَا = അതിൽ അവൻ മരിക്കുകയില്ല

وَلَا يَحْيَىٰ = ജീവിക്കുകയുമില്ല

وَمَن يَأْتِهِۦ مُؤْمِنًا = അവങ്കൽ വിശ്വാസിയായി വരുന്നവൻ (വിശ്വാസിയായി അവങ്കലെത്തുന്നവനോ)

قَدْ عَمِلَ ٱلصَّٰلِحَٰتِ = അവൻ തീർച്ചയായും നല്ലതു പ്രവർത്തിച്ചിരിക്കുന്നു (സൽക്കർമങ്ങളാചരിച്ചുകൊണ്ട്)

فَأُو۟لَٰٓئِكَ لَهُمُ = അത്തരക്കാർ ആരോ അവർക്കുണ്ട് (ഉള്ളത്)

ٱلدَّرَجَٰتُ ٱلْعُلَىٰ = അത്യുന്നത പദവികൾ, പടികൾ (തലങ്ങളാകുന്നു); جَنَّٰتُ عَدْنٍ = നിത്യമായ ആരാമങ്ങൾ

تَجْرِى مِن تَحْتِهَا = അവയ്ക്കു കീഴെ ഒഴുകിക്കൊണ്ടിരിക്കും; ٱلْأَنْهَٰرُ = ആറുകൾ

അതത്രെ= وَذَٰلِكَ അതിൽ നിത്യരായ നിലയിൽ (സജ്ജനങ്ങൾ അവിടെ സ്ഥിരമായി വസിക്കും)= خَٰلِدِينَ فِيهَا
വിശുദ്ധി പ്രാപിച്ചവന്റെ (സംസ്കരണം കൈക്കൊണ്ടവന്റെ) = مَن تَزَكَّىٰ പ്രതി (കർമ)ഫലം= جَزَآءُ
തീർച്ചയായും മൂസാക്കു നാം ദിവ്യ സന്ദേശമയച്ചു= وَلَقَدْ أَوْحَيْنَآ إِلَىٰ مُوسَىٰٓ
എന്തെന്നാൽ, എന്റെ ദാസന്മാരെയും കൂട്ടി നിശാസഞ്ചാരം ചെയ്യേണം = أَنْ أَسْرِ بِعِبَادِى
(രായ്ക്കുരാമാനം പുറപ്പെട്ടുകൊള്ളുക)
വരണ്ട, ഉണങ്ങിയ= يَبَسًا സമുദ്രത്തിൽ= فِى ٱلْبَحْرِ അവർക്കായി വഴിയുണ്ടാക്കുക= فَٱضْرِبْ لَهُمْ طَرِيقًا
കണ്ടെത്തലിനെ, (നിങ്ങളുടെ പലായനം ആരെങ്കിലും കണ്ടെത്തുമെന്ന്)= دَرَكًا നീ ആശങ്കിക്കേണ്ട= لَّا تَخَٰفُ
(സമുദ്രത്തിൽ മുങ്ങിപ്പോകുമെന്ന്) ഭയപ്പെടുകയും വേണ്ട= وَلَا تَخْشَىٰ

## 74-76

**ഈ** സൂക്തങ്ങളും ഫറവോനോടുള്ള മാന്ത്രികരുടെ ഭാഷണമായിട്ടാണ് പൊതുവിൽ കണക്കാക്കപ്പെട്ടിട്ടുള്ളത്. നേരത്തെ മൂസായുടെ ഭാഷണത്തിനനുബന്ധമായി 53-56 സൂക്തങ്ങളിൽ അല്ലാഹു നേരിട്ട് സംസാരിച്ചതുപോലെ ഇവിടെ മാന്ത്രികരുടെ ഭാഷണത്തിന് പൂരകമായി അല്ലാഹു പറയുന്നതാണീ വചനങ്ങൾ എന്നും അഭിപ്രായമുണ്ട്. രണ്ടായാലും സൂക്തങ്ങളുടെ ആശയം ഒന്നുതന്നെയാണ്.

കുറ്റവാളിയായി പരലോകത്തെത്തുന്നവൻ മരിക്കുകയോ ജീവിക്കുകയോ ചെയ്യാതെ നരകത്തിൽ വസിക്കും എന്നു പറഞ്ഞത് ആ ശിക്ഷയുടെ കാഠിന്യവും രൗദ്രതയും പൂർണമായി ഉൾക്കൊള്ളുന്നു. ഈ ആശയം ഇതിനെക്കാൾ വ്യക്തമായി അവതരിപ്പിക്കാൻ വേറെ വാക്കുകളില്ല. എത്ര വലിയ യാതനയിൽ നിന്നും രക്ഷപ്പെടാനുള്ള അവസാനത്തെ കവാടമാണ് മരണം. മരണത്തെക്കാൾ കടുത്ത ദുരിതങ്ങൾക്കിരയാവുകയും മരണം മാറിനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഒരാൾക്ക് എന്തു ചെയ്യാൻ കഴിയും? ഇക്കാര്യം ഖുർആൻ പലയിടത്തും ആവർത്തിച്ചുണർത്തുന്നുണ്ട്.

لَا يُقْضَىٰ عَلَيْهِمْ فَيَمُوتُوا۟ وَلَا يُخَفَّفُ عَنْهُم مِّنْ عَذَابِهَا ۚ كَذَٰلِكَ نَجْزِى كُلَّ كَفُورٍ

(അവരുടെ കഥ കഴിയുന്നില്ല; മരിച്ചു മുക്തരാകാൻ. നരകശിക്ഷ അൽപം പോലും ലഘൂകരിക്കപ്പെടുകയുമില്ല. ഓരോ സത്യനിഷേധിക്കും നാം കർമഫലം നൽകുന്നത് ഈ വിധമത്രെ- 35:36).

وَيَتَجَنَّبُهَا ٱلْأَشْقَى ﴿١١﴾ ٱلَّذِى يَصْلَى ٱلنَّارَ ٱلْكُبْرَىٰ ﴿١٢﴾
ثُمَّ لَا يَمُوتُ فِيهَا وَلَا يَحْيَىٰ ﴿١٣﴾

(കൊടും തീയിൽ വെന്തെരിയേണ്ട ഹതഭാഗ്യൻ ഉദ്ബോധനങ്ങളിൽ നിന്നകന്നുപോകുന്നു. പിന്നെ അവനതിൽ മരിക്കുകയില്ല. ജീവിക്കുകയുമില്ല- 87:11-13).

وَنَادَوْا۟ يَٰمَٰلِكُ لِيَقْضِ عَلَيْنَا رَبُّكَ ۖ قَالَ إِنَّكُم مَّٰكِثُونَ

(നരകവാസികൾ നിലവിളിക്കും. അല്ലയോ മാലിക്, നിന്റെ നാഥൻ ഞങ്ങളുടെ കഥയൊന്ന് തീർത്തുതന്നിരുന്നെങ്കിൽ എത്ര നന്നായിരുന്നു! മലക്കുകൾ പ്രതികരിക്കും: ഇല്ല നിങ്ങൾ ഇമ്മട്ടിൽ തന്നെ കഴിയേണ്ടവരാകുന്നു- 43:77).

ജീവിത പ്രയാസങ്ങൾ അസഹ്യമായി തോന്നുമ്പോൾ ചിലർ ആത്മഹത്യ ചെയ്യാറുണ്ടല്ലോ. വാസ്തവത്തിൽ ദുരിതങ്ങളെ തോൽപിച്ച് സൗഖ്യം നേടാനുള്ള അവസരം പാഴാക്കുകയും ദുരിതങ്ങളെ ശാശ്വതീകരിക്കുകയും ചെയ്യുക എന്ന മഹാ മൂഢതയാണവർ ചെയ്യുന്നത്. ആത്മഹത്യ ചെയ്യുന്നവർ ജീവിതത്തിൽ നിന്ന് ഒളിച്ചോടുന്ന ഭീരുക്കളാകുന്നു എന്നതു മാത്രമല്ല പ്രശ്നം. മരണത്തോടെ എല്ലാം അവസാനിക്കുന്നു എന്ന തെറ്റിദ്ധാരണയാണവരെ നയിക്കുന്നത്. മരണത്തോടെ ഭൗതികജീവിതം മാത്രമേ അവസാനിക്കുന്നുള്ളൂ. ആത്മീയ ജീവിതം അനന്തമായി തുടരുന്നു. ഭൗതിക ലോകത്തെ കർമജീവിതമാണ് ആത്മീയ ജീവിതത്തിലേക്കുള്ള മൂലധനം. ഈ മൂലധനം വലിച്ചെറിഞ്ഞ് പരലോകത്തേക്കോടിയെത്തുന്നവരെ കാത്തിരിക്കുന്നത് ദുരിതങ്ങളും നഷ്ടങ്ങളും മാത്രമാണ്. അതാവട്ടെ ഇവിടെ അനുഭവിച്ചതിനേക്കാൾ കൊടിയതും ഒരുകാലത്തും ആത്മഹത്യ കൊണ്ടോ സ്വാഭാവിക മരണം കൊണ്ടോ രക്ഷപ്പെടാൻ കഴിയാത്തതുമായിരിക്കും.

مجرم ന്റെ ഭാഷാർഥം കുറ്റവാളി (Criminal)ആണ്. അതുകൊണ്ട് വിവക്ഷ ഫറവോനെപ്പോലുള്ള ധിക്കാരികളാണ്. ഖുർആന്റെ സാങ്കേതിക ഭാഷയിൽ مجرم സത്യനിഷേധിയുടെ (كافر) പര്യായമാണെന്ന് പണ്ഡിതന്മാർ പറയുന്നു. സൂറഃ അൽ മുത്വഫ്ഫിഫീൻ 29-ാം സൂക്തത്തിൽ കൊടിയ സത്യനിഷേധികളെ ഉദ്ദേശിച്ച് إِنَّ ٱلَّذِينَ أَجْرَمُوا۟ كَانُوا۟ مِنَ ٱلَّذِينَ ءَامَنُوا۟ يَضْحَكُونَ കുറ്റവാളികളായവർ സത്യവിശ്വാസികളെ പരിഹസിച്ചുചിരിക്കാറുണ്ടായിരുന്നു എന്നു പറയുന്നുണ്ട്. ഇവിടെ സത്യവിശ്വാസിക

ളുടെ- ٱلَّذِينَ ءَامَنُوٓاْ വിപരീതമാണ് ٱلَّذِينَ أَجْرَمُوٓاْ എന്നത് സ്പഷ്ടമാണല്ലോ.

വൻപാപം ചെയ്ത കുറ്റവാളി നരകാർഹനാണെന്നതിന്ന് പ്രമാണമായി മുഅ്തസിലികൾ ഈ സൂക്തത്തെ കാണുന്നു. مَن يَأْتِ رَبَّهُۥ مُجْرِمًا -കുറ്റവാളിയായി റബ്ബിങ്കലെത്തുന്നവൻ- എന്ന വാക്യം എല്ലാ കുറ്റവാളികളെയും ഉൾക്കൊള്ളുന്നുവെന്നാണവരുടെ വാദം. അവർക്കൊക്കെയും നരകം ഉറപ്പാണ്. സത്യവിശ്വാസികളായ കുറ്റവാളികൾ അതിൽ നിന്നൊഴിവാണെന്ന് അഹ്‌ലുസ്സുന്നഃ വാദിച്ചു. അവരുടെ പാപങ്ങൾ പൂർണ്ണമായോ ഭാഗികമായോ പൊറുക്കപ്പെടുകയും നരകമുക്തരാക്കപ്പെടുകയും ചെയ്യാം. وَمَن يَأْتِهِۦ مُؤْمِنًا എന്നു തുടങ്ങുന്ന തൊട്ടടുത്ത വചനം തന്നെ അതു സൂചിപ്പിക്കുന്നുണ്ട്. പക്ഷെ, ഈമാനിന്റെ കൂടെ സൽകർമങ്ങളും വേണമെന്ന് അത് സ്പഷ്ടമായി പറയുന്നുണ്ട്. അതായത് സൽകർമങ്ങളുടെ അകമ്പടിയുള്ള ഈമാൻ മാത്രമേ അല്ലാഹുവിങ്കൽ പരിഗണിക്കപ്പെടുകയുള്ളൂ. വൻകുറ്റങ്ങൾ ഈ ഉപാധിക്കു വിരുദ്ധമാണ്. എങ്കിലും വിശ്വാസികളിൽ നിന്ന് സൽകർമങ്ങളോടൊപ്പം ചില കുറ്റകൃത്യങ്ങളും വന്നു പോകാം. ആത്മാർത്ഥമായി പശ്ചാത്തപിക്കുന്ന പക്ഷം അല്ലാഹു അതു പൊറുത്തു കൊടുക്കുന്നതാണ്. വിശ്വാസികളായ കുറ്റവാളികളെ അവർ ചെയ്ത കുറ്റം അർഹിക്കുന്ന ശിക്ഷ അനുഭവിച്ച ശേഷം നരകമുക്തരാക്കുമെന്ന് പ്രബലമായ ഹദീസ് ഉണ്ട്. يخرج من النّار من كان في قلبه مثقال ذرة من الإيمان (ഹൃദയത്തിൽ അണുഅളവ് സത്യവിശ്വാസമുണ്ടായിരുന്നവൻ നരകത്തിൽ നിന്ന് മോചിപ്പിക്കപ്പെടുന്നതാണ്). തട്ടുകൾക്കും പദവികൾക്കും ഉപയോഗിക്കുന്നതാണ് درجات. ഇവിടെ ഉദ്ദേശ്യം തട്ടുകളാണെന്ന് പൂർവ്വസൂരികൾ അഭിപ്രായപ്പെട്ടിരിക്കുന്നു. عُلْيا-ന്റെ ബഹുവചനവും أعلي-യുടെ സ്ത്രീലിംഗ രൂപവുമാണ് العُلَى . دَرَجَاتُ الْعُلَى സ്വർഗത്തിലെ അത്യുന്നത ഭവനങ്ങളാണെന്ന് വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. ഇമാം തിർമിദിയും അഹ്മദും നബി (സ) പ്രസ്താവിച്ചതായി ഉദ്ധരിക്കുന്നു: "സ്വർഗത്തിന് നൂറു തട്ടുകളുണ്ട്. ഓരോ തട്ടിനിടയിലും ആകാശ ഭൂമികൾക്കിടയിലുള്ളത്ര വിടവുണ്ട്. ഫിർദൗസാണ് ഏറ്റവും ഉയർന്ന തട്ട്. അതിൽ നിന്ന് നദികളൊഴുകുന്നു. അതിനും മീതെയാണ് അൽഅർശ് (ദൈവിക സിംഹാസനം). നിങ്ങൾ അല്ലാഹുവിനോടു ചോദിക്കുമ്പോൾ ഫിർദൗസ് ചോദിക്കണം".

നിത്യാരാമങ്ങളാണ് جنّات. ഇത് درجات العلى യുടെ വിശദീകരണമാണ്. വസിക്കുന്നവർക്ക് ഏതവസ്ഥയിലേക്കും ആവശ്യമാകുന്ന എല്ലാ ഫലമൂലാദികളും പുഷ്പങ്ങളും മറ്റ് ഉല്ലാസോപാധികളും എപ്പോഴും, സുലഭമായിരിക്കും നിത്യാരാമങ്ങളിൽ. ഈ സമ്മാനം, അകവും പുറവും, വിശ്വാസവും കർമവും ഒരു പോലെ സംസ്കരിച്ചവർക്കുള്ളതാണ്. മോഹിച്ചതുകൊണ്ടു മാത്രം അതാർക്കും കിട്ടാൻ പോകുന്നില്ല. മനസ്സിനെ വിശ്വാസപരവും ചിന്താപരവുമായ സകലവിധമാലിന്യങ്ങളിൽ നിന്ന് സംസ്കരിച്ചവരാണ് അതിനർഹരാകുന്നത്. ഇതാണ് وَذَٰلِكَ جَزَآءُ مَن تَزَكَّىٰ യുടെ സാരം.

## 77

**മൂ**സാ നബി ഇസ്രാഈല്യരെയും കൂട്ടി ഈജിപ്തിൽ നിന്ന് പലായനംചെയ്ത സംഭവമാണ് ഇവിടെ സൂചിപ്പിക്കുന്നത്. മാന്ത്രികരുമായുണ്ടായ മത്സരത്തിനും ഈ പലായനത്തിനുമിടയിൽ സംഭവബഹുലമായ കുറെ കാലം കടന്നു പോയിട്ടുണ്ട്. ആ കഥകൾ ഇവിടെ വിട്ടുകളഞ്ഞിരിക്കുന്നു. സൂറഃ *അൽഅഅ്റാഫി*ലും മറ്റും ആ സംഭവങ്ങൾ പ്രസ്താവിച്ചിട്ടുണ്ട്. ബൈബിളിലും അതു സംബന്ധിച്ച പരാമർശങ്ങൾ കാണാം. സത്യവിശ്വാസം കൈക്കൊള്ളണമെന്നും ഇസ്രാഈല്യരെ വിട്ടയക്കണമെന്നും മൂസാ (അ) ഫറവോനോടാവശ്യപ്പെട്ടുകൊണ്ടിരുന്നു. താൻ പറയുന്നത് ദൈവഹിതമാണെന്ന് ബോധ്യപ്പെടുത്താൻ രക്ത പ്രളയം, തവളപ്പെരുപ്പം, പേൻശല്യം, ക്ഷാമം തുടങ്ങിയ ദൃഷ്ടാന്തങ്ങൾ ഒന്നിനു പിറകെ ഒന്നായി പ്രത്യക്ഷപ്പെടുത്തുകയുമുണ്ടായി. പീഡനം അസഹ്യമാകുമ്പോൾ ഫറവോനികൾ മൂസാ (അ)യോടു പറയും: നീയും ദൈവവുമായുള്ള ബന്ധം മുൻനിറുത്തി ഞങ്ങളുടെ ഈ പീഡനമകറ്റിത്തരുവാൻ അവനോടു പ്രാർഥിക്കുക. നിന്റെ പ്രാർഥന കേട്ട് അവൻ ഞങ്ങളുടെ കഷ്ടപ്പാടകറ്റിയാൽ തീർച്ചയായും ഞങ്ങൾ നിന്നിലും നിന്റെ ദൈവത്തിലും വിശ്വസിക്കാം. ഇസ്രാഈൽ മക്കൾക്കു സ്വാതന്ത്ര്യം നൽകാം. മൂസാ നബി പ്രാർഥിക്കുകയും പീഡ അകറ്റപ്പെടുകയും ചെയ്തപ്പോൾ അവർ സ്വന്തം പ്രതിജ്ഞ ലംഘിച്ചുകൊണ്ട് പഴയ നിലപാടു തന്നെ തുടരുകയാണ് ചെയ്തത്.

ഇസ്രാഈല്യരെ ഫലസ്ത്വീനിലേക്ക് കൊണ്ടുപോകാൻ അനുവദിക്കണമെന്നായിരുന്നില്ല മൂസാ (അ) ആദ്യം ആവശ്യപ്പെട്ടത്. അവരെ ദൈവത്തെ സേവിക്കാൻ അനുവദിക്കണമെന്നും ബലിയനുഷ്ഠാനത്തിനായി മൂന്നു നാൾ മരുഭൂമിയിലേക്ക് പോകാൻ സമ്മതിക്കണമെന്നുമായിരുന്നു. അതായത് പ്രവാചകൻ ആദ്യമുന്നയിച്ച ആവശ്യം നാട്ടിൽ നിന്നുള്ള ഒളിച്ചോട്ടമായിരുന്നില്ല, ജനങ്ങളുടെ മതസ്വാതന്ത്ര്യമായിരുന്നു. ഈ ആവശ്യങ്ങളൊന്നും അംഗീകരിച്ചില്ലെന്നു മാത്രമല്ല, അതിന്റെ പേരിൽ ഖിബ്തികൾ തങ്ങളുടെ മർദ്ദനം രൂക്ഷമാക്കുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് പ്രവാചകൻ ഒന്നിനുപിറകെ ഒന്നായി ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തിയത്. ഈ അത്ഭുതങ്ങൾ ഫറവോനികൾക്ക് കൊടിയ പരീക്ഷണങ്ങളുമായിരുന്നു. എന്നിട്ടും അവർ അശേഷം മനസ്സുമാറ്റിയില്ല. മർദ്ദനമഴയും സ്വാതന്ത്ര്യനിഷേധവും മൂർഛിച്ചുകൊണ്ടേയിരുന്നു. ഈ സംഘർഷാവസ്ഥ വർഷങ്ങൾ പിന്നിട്ടു. ഇതിനിടയിൽ മൂസാ (അ) ദൈവദൂതൻ എന്ന നിലക്ക് ഫറവോനിലും അയാളുടെ സമുദായത്തിലും തനിക്കു നിർവഹിക്കാനുള്ള പ്രബോധനം നിർവഹിച്ചുകഴിഞ്ഞിരുന്നു. ഫറവോനികളിൽ

അല്ലാഹുവിന്റെ ന്യായം പൂർത്തിയായി. ഇനി അവരിൽനിന്ന് നല്ലതൊന്നും പ്രതീക്ഷിക്കാനില്ല. അസത്യത്തിന്റെ, അധർമത്തിന്റെ ഉച്ചകോടിയിലെത്തിയ സമുദായത്തിൽ നിന്ന് പ്രവാചകനെയും വിശ്വാസികളെയും പലായനം ചെയ്യിക്കുകയെന്നതാണ് അല്ലാഹുവിന്റെ നടപടിക്രമം. അങ്ങനെ വിശ്വാസികളെയും കൂട്ടി രായ്ക്കുരാമാനം ഈജിപ്തുവിടാൻ മൂസാ (അ) ഒരുനാൾ കൽപിക്കപ്പെട്ടു. اسراء ൽ നിന്നുള്ള ശാസനാക്രിയയാണ് أسرِ. സൂറഃ *അൽഇസ്റാഅ്* ഒന്നാം സൂക്തത്തിന് താഴെ ഈ പദത്തിന്റെ അർഥം വിശദീകരിച്ചിട്ടുണ്ട്. ദൈവ ശിക്ഷ വിധിക്കപ്പെട്ട സദോമിൽ നിന്ന് ലൂത്ത് നബിയോടും ഇങ്ങനെ രായ്ക്കുരാമാനം പലായനം ചെയ്യാൻ കൽപിച്ചതായി 11:18ലും 15:65ലും കാണാം. പകൽ സമയത്തു പലായനം ചെയ്താൽ അക്രമികളായ നാട്ടുകാർ കാണുകയും തടയുകയും ചെയ്യുമെന്നതുകൊണ്ടാവാം ഇത്. മൂസാ നബിയുടെ കാര്യത്തിൽ കാരണം അതുതന്നെയാണെന്ന് തടുർന്നുള്ള വാക്യത്തിൽ നിന്നു വ്യക്തമാകുന്നുണ്ട്. بعبادي -എന്റെ ദാസന്മാരെയും കൊണ്ട് എന്നതുകൊണ്ട് ഉദ്ദേശ്യം സത്യവിശ്വാസികളാണ്. സത്യവിശ്വാസികളല്ലാത്തവരെ സാധാരണ എന്റെ ദാസന്മാർ- عبادي എന്നു അല്ലാഹു വിളിക്കാറില്ല. ഇവരിൽ ഇസ്രാഈല്യരും, യൂസുഫ് നബിയുടെ കാലം മുതൽ മൂസാ നബിയുടെകാലംവരെ ഇസ്ലാം സ്വീകരിച്ച ഖിബ്തികളും ഉൾപ്പെടുന്നു. ബഹുഭൂരിപക്ഷം ഇസ്രാഈല്യർ തന്നെയായിരുന്നു. ഇസ്രാഈലി പ്രവാചകന്മാരിൽ വിശ്വസിക്കുകയും അവരുടെ മതം ആചരിക്കുകയും ചെയ്ത ഖിബ്തികളും പിൽകാലത്ത് ഇസ്രാഈല്യരായാണ് അറിയപ്പെട്ടത്. ഫറവോൻ കുടുംബത്തിലും ഒരു സത്യവിശ്വാസി ഉണ്ടായിരുന്നതായി ഖുർആൻ പറുന്നുണ്ട്. ضرب അടിയും طريق വഴിയുമാണെങ്കിലും വഴിയുണ്ടാക്കി എന്ന അർഥത്തിലാണ് ضرب طريقا എന്നു പറയുക. ഇതിന്റെ ശാസനാരൂപമാണ് اضرب طريقا. ഉണങ്ങിയത്, വരണ്ടത് എന്ന അർഥമുള്ള يابس ന്റെ കൂടുതൽ അർഥ തീവ്രതയുള്ള രൂപമാണ് يبس. ഈർപ്പമോ ചളിയോ ഇല്ലാത്ത വരണ്ടതും ഉറച്ചതുമായ വഴിയാണ് ഉദ്ദേശ്യം. മൂസാ (അ) അടിച്ചപ്പോൾ കടൽ പിളർന്ന് രണ്ട് മഹാമലകൾ പോലെ- فَكَانَ كُلُّ فِرْقٍ كَالطَّوْدِ الْعَظِيمِ -ആയിത്തീർന്നുവെന്നാണ് സൂറ *അശ്ശുഅറാഅ്* 63-ൽ പറയുന്നത്. അതിനിടയിൽ മൂസാനബിക്കും സംഘത്തിനും സുഗമമായി സഞ്ചരിക്കാവുന്ന ഉണങ്ങിവരണ്ട വഴി പ്രത്യക്ഷപ്പെട്ടു. കടൽ പന്ത്രണ്ടു വഴികളായി പിളർന്നുവെന്നും ഓരോ ഇസ്റാഈൽ ഗോത്രവും ഓരോ വഴി സ്വീകരിച്ചുവെന്നും ചിലർ പറയുന്നുണ്ട്. إدراك (കണ്ടെത്തൽ)ന്റെ രൂപഭേദമാണ് درك. ഈജിപ്തിൽ നിന്നുള്ള നിങ്ങളുടെ പലായനം ഫറവോനും കൂട്ടരും, കണ്ടെത്തുകയും പിടികൂടുകയും ചെയ്യുമെന്ന ആശങ്കയെക്കുറിച്ചാണ് പറയുന്നത്. خوف ൽ നിന്നുള്ള ക്രിയയാണ് تخاف. خشية ൽ നിന്നുള്ളതാണ് تخشى. രണ്ടിന്റെയും അർഥം പേടിതന്നെ . സാധാരണ ഭയത്തേക്കാൾ തീവ്രമായ ഭയത്തെ സൂചിപ്പിക്കുന്നതാണ് خشية. ولا تخشى غرقا മുങ്ങിയൊടുങ്ങിപ്പോകുമെന്ന് ഭയപ്പെടേണ്ട എന്നാണ് പൂർണരൂപം. സന്ദർഭത്തിൽ നിന്നും സ്പഷടമാകുന്നതുകൊണ്ടാവാം غرقا എന്ന പദം അനുക്തമാക്കിയത്.

فى البحر എന്ന വാക്കിലെ ال ഒരു പ്രത്യേക സമുദ്രഭാഗത്തെ സൂചിപ്പിക്കുന്നതായും ആ ഭാഗം നേരത്തെ അല്ലാഹു പ്രവാചകന് നിർണയിച്ചുകൊടുത്തിരുന്നതായും ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇതു സംബന്ധിച്ചുള്ള ബൈബിൾ വാക്യങ്ങൾ ഇങ്ങനെ വായിക്കാം: 'അപ്പോൾ കർത്താവ് മോശെയോട് അരുൾ ചെയ്തു: നീ എന്തിനാണ് എന്നോട് നിലവിളിക്കുന്നത്. മുമ്പോട്ടുപോകാൻ ഇസ്റാഈൽ ജനത്തോടു പറയൂ. നിന്റെ വടി കയ്യിലെടുത്ത് കടലിനു മീതെ നീട്ടി കടലിനെ രണ്ടായി ഭാഗിക്കുക. അങ്ങനെ ഇസ്റാഈൽ ജനത്തിനു വരണ്ട നിലത്തുകൂടി കടൽ കടന്നുപോകാം' (പുറപ്പാട്-14:15,16). 'അനന്തരം മോശെ സമുദ്രത്തിന് മീതെ തന്റെ കൈ നീട്ടി. കർത്താവ് രാത്രി മുഴുവൻ ഒരു കിഴക്കൻ കാറ്റയച്ച് സമുദ്രത്തെ പിന്നാക്കം പായിച്ചു. അങ്ങനെ സമുദ്രത്തിൽ വരണ്ട നിലംകാണപ്പെട്ടു. സമുദ്രം വിഭജിക്കപ്പെട്ടു. ഇസ്റാഈൽ ജനം സമുദ്രത്തിലെ വരണ്ട നിലത്തുകൂടി നടന്നു പോയി. ഇടത്തും വലത്തും വെള്ളം അവർക്കൊരു മതിലായി ഉയർന്നു നിന്നു (പുറപ്പാട്-14:21-23)

മൂസാ (അ)ക്ക് അല്ലാഹു പല ദിവ്യാത്ഭുതങ്ങൾ പ്രകടിപ്പിക്കാനുള്ള സിദ്ധി നൽകിയിരുന്നു. അക്കൂട്ടത്തിലൊന്നായിരുന്നു ഈ കടൽ താണ്ടൽ. അതുകൊണ്ട് അതിനെ ഭൗതികമായ കാര്യകാരണ വ്യവസ്ഥയുടെ മാനദണ്ഡംകൊണ്ട് വിശദീകരിക്കാൻ ശ്രമിക്കുന്നത് വ്യർഥമാണ്. കാര്യകാരണവ്യവസ്ഥയുടെ കർത്താവ് തന്റെ വ്യവസ്ഥക്കതീതമായി പ്രത്യക്ഷപ്പെടുത്തിയ അത്ഭുതമാണത്. പക്ഷെ കാര്യകാരണവ്യവസ്ഥക്കതീതമായ പ്രതിഭാസങ്ങൾ അംഗീകരിക്കാൻ മടിക്കുന്നവർ ഇതിനെ ഭൗതിക പ്രകൃതിക്കനുഗുണമായി വിശദീകരിക്കാൻ ശ്രമിക്കാറുണ്ട്. സമുദ്രത്തിൽ ഒഴുക്കിന്റെ ഫലമായി നീണ്ട മണൽതിട്ട ഉയർന്നിരുന്നു. അതിലൂടെയാണ് മൂസാ നബിയും സംഘവും സഞ്ചരിച്ചത്. സമുദ്രത്തിൽ വടി കുത്തിനോക്കി ആഴം കുറഞ്ഞ ഭാഗം കണ്ടുപിടിച്ചാണ് സഞ്ചരിച്ചതെന്നും വ്യാഖ്യാനമുണ്ട്. ഖുർആന്റെയോ ബൈബിളിന്റെയോ വാക്കുകൾ ഈ വ്യാഖ്യാനങ്ങളെ ഒട്ടും സാധൂകരിക്കുന്നില്ല. ഭൗതികമായ വിശദീകരണത്തിനു വഴങ്ങാത്ത ദിവ്യാത്ഭുതമായിട്ടാണ് രണ്ടുവേദങ്ങളും ഈ സംഭവത്തെ പരാമർശിക്കുന്നത്. പ്രകൃത്യാതീതമായ പ്രതിഭാസങ്ങളെ അവിശ്വസിക്കുന്നവർ ആദ്യം അവിശ്വസിക്കേണ്ടത് പ്രവാചകന്മാരുടെ പ്രവാചകത്വത്തെ-വെളിപാടുലബ്ധിയെത്തന്നെയാണ്.

■